# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2867 — 18.06.2019-ൽ മറുപടിക്ക്

## ദേശീയ പാത 66 നാലുവരിയാക്കുന്ന പദ്ധതിക്കുള്ള തടസ്സങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.എ.അഹമ്മദ് കബീർ : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ദേശീയ പാത 66 (എ) നാലുവരിയാക്കുന്ന പദ്ധതിക്ക് നിലവിൽ എന്തെങ്കിലും തടസ്സങ്ങൾ നേരിട്ടിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ ഇതിനായി സ്ഥലമേറ്റെടുക്കൽ ഉൾപ്പെടെയുള്ള നടപടികൾ ആരംഭിച്ച സാഹചര്യത്തിൽ പ്രസ്തുത തടസ്സം ഏത് തരത്തിൽ സംസ്ഥാനത്തെ റോഡ് വികസനത്തെ ബാധിക്കുമെന്ന് വ്യക്തമാക്കാമോ; | & (ബി) ദേശീയപാത അതോറിറ്റി 02.05.2019, 09.05.2019 തീയതികളിലെ NHAI/OSD to Chairman/04/19 പ്രകാരം പ്രസിദ്ധീകരിച്ച മുൻഗണനാ പട്ടികയിൽ സംസ്ഥാനത്തെ ദേശീയപാതാ വികസനം (കാസർഗോഡ് ജില്ല ഒഴികെ) high priority 1-ൽ നിന്നും high priority 2 ലേക്ക് തരം താഴ്ത്തിയിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവിൽ high priority 2-ൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിൽ 3D വിജ്ഞാപനങ്ങൾ 3G അവാർഡുകൾ, നഷ്ടപരിഹാരതുക വിതരണംചെയ്യൽ/ കെട്ടിവെക്കൽ എന്നിവ സംബന്ധിച്ച കാര്യങ്ങളിൽ മുന്നോട്ട് പോകേണ്ടതില്ലെന്ന നിർദ്ദേശം റീജിയണൽ ഓഫീസർമാർക്ക് നൽകിയിട്ടുള്ളതാണ്. സംസ്ഥാനത്തെ ദേശീയപാത നാലുവരിപ്പാതയാക്കാനുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിലവിൽ നിർത്തി വച്ചിരിക്കുകയാണ്. സ്ഥലമെടുപ്പുമായി മുന്നോട്ടു പോകുന്നതിനുള്ള അംഗീകാരത്തിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യ റീജിയണൽ ഓഫീസിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. സ്ഥലമേറ്റെടുക്കൽ നടപടികൾ അനന്തമായി നീണ്ടുപോകുന്ന സാഹചര്യത്തിൽ സ്ഥലമേറ്റെടുക്ക ന്നതിനുള്ള നഷ്ടപരിഹാര ചെലവ് ക്രമാതീതമായി |

കൂടുകയും ജനസാന്ദ്രത കൂടിയ സംസ്ഥാനമെന്ന നിലയിൽ സ്ഥലമേറ്റെടുക്കൽ നടപടികൾ കൂടുതൽ സങ്കീർണ്ണമാകുന്ന അവസ്ഥ സംജാതമാവുകയും ചെയ്യുന്നു.

| | | | |
|---|---|---|---|
| (സി) | നിലവിൽ നേരിടുന്ന തടസ്സങ്ങളെ ഏത് രീതിയിൽ മറികടക്കാനാണ് ശ്രമിക്കുന്നത്; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ? | (സി) | മുൻഗണനാക്രമത്തിൽ വരുത്തിയ മാറ്റം ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ ഇക്കാര്യം ബഹു.മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടു വരികയും കേരളത്തിലെ മുഴുവൻ റീച്ചുകളും High Priority-I ൽ ഉൾപ്പെടുത്തണ-മെന്നാവശ്യപ്പെട്ടു കൊണ്ട് കേന്ദ്രമന്ത്രിക്കും, NHAI ചെയർമാനും പൊതുമരാമത്തും രജിസ്ട്രേഷൻ വകുപ്പ് മന്ത്രി കത്തയക്കുകയുണ്ടായി. അതിന്റെ അടിസ്ഥാനത്തിൽ ചെറിയ ഭേദഗതി മുൻ ഉത്തരവിൽ വരുത്തിയിട്ടുണ്ട്. High Priority-2 ലെ പ്രോജക്ടുകൾ ഉപേക്ഷിച്ചതായി കണക്കാക്കേണ്ട എന്നും ഭൂമിയെടുപ്പിന്റെ പുരോഗതിക്കനുസരിച്ച് NHAI ഹെഡ് ക്വാർട്ടേഴ്സിന്റെ അംഗീകാരത്തിനു വിധേയമായി ഏറ്റെടുക്കുന്നകാര്യം തീരുമാനിക്കുമെന്നു-മാണ് ഭേദഗതി എങ്കിലും Priority list ൽ മാറ്റമൊന്നും വരുത്തിയിട്ടില്ല. ഇക്കാര്യത്തിൽ കേന്ദ്രത്തിൽ സമർദ്ദം ചെലുത്തുന്നതിനായി വിഷയം MPs Conference അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ